# GOVERNMENT OF KERALA
## GENERAL EDUCATION DEPARTMENT

# K.G.T. EXAMINATION
## (COMMERCE GROUP
## MONTH : MAY - 2014)

**NOTIFICATION**

**DATE : 26/02/2014**

**OFFICE OF THE COMMISSIONER**
**FOR GOVERNMENT EXAMINATIONS**
**PAREEKSHA BHAVAN, THIRUVANANTHAPURAM-12**

# പൊതു വിദ്യാഭ്യാസ വകുപ്പ് – പരീക്ഷാഭവൻ

# വിജ്ഞാപനം

ഇ.എക്സ്/എച്ച്6/83740/2014/സി.ജി.ഇ                                        തീയതി.: 26/02/2014

**കേരള ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കോമേഴ്സ് ഗ്രൂപ്പ്) മേയ് 2014**

കോമേഴ്സ് ഗ്രൂപ്പിൽ താഴെ പറയുന്ന വിഷയങ്ങൾക്കുള്ള കേരളാ ഗവൺമെന്റ് ടെക്നിക്കൽ പരീക്ഷ 2014 മേയ് 21 മുതൽ ആരംഭിക്കുന്നതായിരിക്കും.

16–08–2001—ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 96/2001/ഹയർ എഡ്യൂക്കേഷൻ പ്രകാരം അനുസരിച്ചായിരിക്കും പരീക്ഷ നടത്തുക. 12/05/1994 ലെ സർക്കാർ ഉത്തരവ് (എം.എസ്) 88/94 ഉ.വി.വകുപ്പ് പ്രകാരം ഹിന്ദി ടൈപ്പറൈറ്റിംഗ് പരീക്ഷയും കെ.ജി.ടി.ഇ കോമേഴ്സ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ 09/11/2010 തീയതിലെ സർക്കാർ ഉത്തരവ് (എം.എസ്) നം369/10/ ഉ.വി.വ. പ്രകാരം മലയാളം ടൈപ്പറൈറ്റിംഗ് പരീക്ഷയോടൊപ്പം മലയാളം വേഡ് പ്രോസസിംഗ് ലോവർ പരീക്ഷയും സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 155/12 ഉ.വി.വകുപ്പ് 25/06/2012 പ്രകാരം മലയാളം വേഡ് പ്രോസസിംഗ് ഹയർ പരീക്ഷയും ഉൾപ്പെടുത്തിയിരിക്കുന്നു.

.

കേരള സർക്കാർ നടത്തുന്ന ടൈപ്പ്റൈറ്റിംഗ് ഇംഗ്ളീഷ്/മലയാളം (ലോവർ) പരീക്ഷ മുമ്പ് പാസ്സായിട്ടുള്ളവർക്ക് കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ലോവർ മാത്രമായി അപേക്ഷിക്കാവുന്നതാണ്. കേരള സർക്കാർ നടത്തുന്ന ടൈപ്പ്റൈറ്റിംഗ് ഇംഗ്ളീഷ്/മലയാളം ഹയറും കംമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ലോവറും പാസ്സായിട്ടുള്ളവർക്ക് കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഹയർ പരീക്ഷയ്ക്ക് മാത്രമായും അപേക്ഷിക്കാവുന്നതാണ്. മലയാളം വേഡ് പ്രോസസിംഗ് പരീക്ഷയ്ക്ക് ഭാഷാ എന്ന സോഫ്റ്റ് വെയറിൽ ഇൻസ്ക്രിപ്റ്റ് കീബോർഡിലോ/ടൈപ്പ്റൈറ്റർ കീബോഡിലോ പരീക്ഷ എഴുതാവുന്നതാണ്

. മുൻവർഷങ്ങളിൽ എഴുതി പരാജയപ്പെട്ട വിഷയത്തിനുമാത്രമായും പരീക്ഷ എഴുതാവുന്നതാണ്. ടൈപ്പ്റൈറ്റിംഗിലെ ഒന്നും, രണ്ടും പേപ്പറുകൾ ഒരു വിഷയമായും, വേഡ് പ്രോസസിംഗ് മറ്റൊരു വിഷയവുമായാണ് പരിഗണിക്കുന്നത്.

പരീക്ഷാ ടൈംടേബിൾ മൂന്നാം അനുബന്ധമായും പരീക്ഷകേന്ദ്രങ്ങളുടെ വിവരങ്ങൾ നാലാം അനുബന്ധമായും ചേർത്തിരിക്കുന്നു.

പരീക്ഷനടത്തപ്പെടുന്ന വിഷയങ്ങളും അവയുടെ ഗ്രേഡുകളും താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | വിഷയങ്ങൾ | ഗ്രേഡുകൾ |
|---|---|---|
| 1 | ടൈപ്പ്റൈറ്റിംഗ് ഇംഗ്ളീഷ് | ലോവർ/ഹയർ/ ഹൈസ്പീഡ് |
| 2 | ടൈപ്പ്റൈറ്റിംഗ് മലയാളം | ലോവർ/ഹയർ |
| 3 | ടൈപ്പ്റൈറ്റിംഗ് ഹിന്ദി | ലോവർ/ഹയർ |
| 4 | ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് | ലോവർ/ഹയർ/ ഹൈസ്പീഡ് |
| 5 | ഷോർട്ട് ഹാൻഡ് മലയാളം | ലോവർ/ഹയർ (അരുൾ, പണ്ടാല സിസ്റ്റങ്ങളിൽ മാത്രം) |

ഈ ഗ്രൂപ്പിൽപ്പെട്ട വിഷയങ്ങൾക്ക് ഓരോ പേപ്പറിനും ചുരുങ്ങിയത് നാൽപ്പത് ശതമാനം മാർക്ക് (സെക്കന്റ് ക്ലാസ്സ്) ലഭിച്ചാൽ മാത്രമേ വിജയിക്കുകയുള്ളൂ. ഫസ്റ്റ് ക്ലാസ്സ് ലഭിക്കുന്നതിന് ഓരോ പേപ്പറിനു ചുരുങ്ങിയത് എഴുപത്തിയഞ്ച് ശതമാനം മാർക്ക് ലഭിച്ചിരിക്കണം.

## പരീക്ഷാ ഫീസ്

ഓരോ വിഷയത്തിനുമുള്ള ഫീസ് താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | വിഷയങ്ങൾ | ഗ്രേഡുകൾ | തുക |
|---|---|---|---|
| 1 | ടൈപ്പ്റൈറ്റിംഗ് | ഇംഗ്ളീഷ്/മലയാളം/ഹിന്ദി – ലോവർ | 90 |
| 2 | ടൈപ്പ്റൈറ്റിംഗ് | ഇംഗ്ളീഷ്/മലയാളം/ഹിന്ദി – ഹയർ | 115 |
| 3 | ടൈപ്പ്റൈറ്റിംഗ് | ഇംഗ്ളീഷ് – ഹൈസ്പീഡ് | 115 |
| 4 | ഷോർട്ട് ഹാൻഡ് | ഇംഗ്ളീഷ്/മലയാളം — ലോവർ | 70 |
| 5 | ഷോർട്ട് ഹാൻഡ് | ഇംഗ്ളീഷ്/മലയാളം — ഹയർ | 90 |
| 6 | ഷോർട്ട് ഹാൻഡ് | ഇംഗ്ളീഷ് — ഹൈസ്പീഡ് | 115 |

ടൈപ്പ്റൈറ്റിംഗ് ഇംഗ്ളീഷ് ലോവർ/ഹയർ പരീക്ഷകളുടെ മൂന്നാം പേപ്പറായ കമ്പ്യൂട്ടർ വേഡ് പ്രോസസിംഗിന്റെ ഫീസുകൾ അതാത് എൽ.ബി.എസ് സെന്ററുകളിൽ അടച്ച് പരീക്ഷയ്ക്ക് ഇരിക്കാവുന്നതാണ്. ലോവറിന് 100 രൂപയും ഹയറിന് 150 രൂപയുമാണ് ഫീസ്.

**പരീക്ഷയ്ക്കുള്ള അപേക്ഷ ഓൺലൈൻ മുഖാന്തിരം മാത്രമാണ് സമർപ്പിക്കേണ്ടത്**

## അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

- **പരീക്ഷയ്ക്കുള്ള അപേക്ഷ 17/03/2014 തിങ്കൾ മുതൽ 31/03/2014 തിങ്കളാഴ്ച 5 മണി വരെ ഓൺലൈനിൽ സമർപ്പിക്കാവുന്നതാണ്.**
- **പരീക്ഷാഭവന്റെ വെബ്സൈറ്റായ http://keralapareekshabhavan.in മുഖാന്തിരം ഓൺലൈൻ വഴിമാത്രമാണ് അപേക്ഷ നൽകേണ്ടത്.**

**ഈ വർഷം മുതൽ 3 വിഭാഗമായിട്ടാണ് അപേക്ഷ രജിസ്റ്റർ ചെയ്യുന്നത്**

1. KGTE പരീക്ഷ ആദ്യമായി എഴുതുന്നവർ
2. 2010ന് മുമ്പ് കെ.ജി.റ്റി പരീക്ഷയായ Typewriting English Lower, Typewriting English Higher, Typewriting Malayalam Lower, Typewriting Malayalam Higher എന്നീ പരീക്ഷകൾ വിജയിച്ചശേഷം വേഡ് പ്രോസസിംഗ് മാത്രമായി അപേക്ഷിക്കുന്നവർ.
3. 2010–ലോ അതിന് ശേഷമോ ഏതെങ്കിലും ഒരു പരീക്ഷ എഴുതി ജയിക്കുകയോ പരാജയപ്പെടുകയോ ചെയ്തവർ.

## ഒന്നാംഘട്ടം

1. http:/keralapareekshabhavan.in എന്ന ഔദ്യോഗിക സൈറ്റ് സന്ദർശിച്ച് KGT Examination 2014 എന്ന link- ൽ click – ചെയ്യുക.
2. അപ്പോൾ ലഭിക്കുന്ന Home പേജിലെ രജിസ്റ്റർ എന്ന link click – ചെയ്യുമ്പോൾ options ദൃശ്യമാകും.
3. (a) I–ാം വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ അതിലെ 'Regular' എന്ന Option click ചെയ്യുക.

   (b) II –ാം വിഭാഗത്തിൽപ്പെടുന്നവർ 'Private/Re-appearance' എന്ന Option click ചെയ്ത ശേഷം 'before 2010' എന്ന Button click – ചെയ്യണം.

   (c) III –ാം വിഭാഗത്തിൽപ്പെടുന്നവർ 'Private/Re-appearance' എന്ന Option click ചെയ്ത ശേഷം 'On or After 2010' എന്ന Button click – ചെയ്യുക.
4. (a) I–ാം വിഭാഗക്കാരും II–ാം വിഭാഗക്കാരും അവരുടെ എല്ലാ വിവരവും രജിട്രേഷൻ പേജിൽ നൽകി 'Register Button click' ചെയ്യുക.

   (b) III –ാം വിഭാഗത്തിൽ അപേക്ഷിക്കുന്നവർ അവരുടെ പഴയ രജിസ്റ്റർ നമ്പരും വർഷവും മാസവും അതാത് ബോക്സിൽ നൽകി 'Submit' Button click – ചെയ്യുക.

   അപ്പോൾ ലഭിക്കുന്ന പേര്, ജനനത്തീയതി, മേൽവിലാസം ഇവ യഥാർത്ഥ അപേക്ഷകരുടേതാണെന്ന് ഉറപ്പ് വരുത്തി 'Yes' Button click – ചെയ്യുക.

   തുടർന്ന് ആവശ്യമായ എല്ലാ വിവരവും നൽകി 'Register Button click' ചെയ്യുക.

5. രജിസ്ട്രേഷൻ പേജിൽ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

   **(a) അപേക്ഷകർ എത്ര വിഷയം എഴുതുന്നുണ്ടെങ്കിലും ഒരേ അപേക്ഷയിൽ തന്നെ ആ വിഷയങ്ങൾ സെലക്ട് ചെയ്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്.**

   **(അതായത് ഒരു വ്യക്തി ഒരു അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തവ Reject – ചെയ്യുന്നതായിരിക്കും).**

   (b) ഒരു വിഷയം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി click ചെയ്യുമ്പോൾ അതുമായി ബന്ധപ്പെട്ട പഴയ പരീക്ഷയുടെ വിവരം നിർബന്ധമായും അതാത് Box – ൽ നൽകേണ്ടതാണ്.

   (c) 20KB –യ്ക്ക് താഴെയുള്ള jpg/jpeg file format- ൽ ഉള്ള ഫോട്ടോ മാത്രമേ Upload ചെയ്യാൻ സാധിക്കുകയുള്ളൂ.

   (d) III – ാം വിഭാഗത്തിലെ അപേക്ഷകർക്ക് മുമ്പ് എഴുതി പരാജയപ്പെട്ട വിഷയം Private ആയി Register ചെയ്യുന്നതിനൊപ്പം പുതിയ വിഷയവും അതേ പേജിൽ തന്നെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയതിനുശേഷം Register Button click' ചെയ്യുക. അപ്പോൾ കാണുന്ന view details- ൽ അവരവരുടെ അപേക്ഷകൾ ദൃശ്യമാകുന്നത് കാണാം.

7. Details- ൽ എന്തെങ്കിലും മാറ്റം വരുത്തുവാനുണ്ടെങ്കിൽ (ഫോട്ടോ ഉൾപ്പെടെ) താഴെയുള്ള Edit Link Click ചെയ്ത് മാറ്റം വരുത്താവുന്നതാണ്.

8. എല്ലാ വിവരവും ശരിയാണെന്ന് ഉറപ്പ് വരുത്തിയശേഷം അപേക്ഷ Confirm ചെയ്യേണ്ടതാണ്.

   (a) അതിനായി  I do hereby declare ……………. എന്ന option tick mark ചെയ്ത് (confirm button click ചെയ്യണം).

   (b) OK click ചെയ്താൽ അപേക്ഷ confirm – ചെയ്യപ്പെടും..

   (c) Confirm ചെയ്തു കഴിഞ്ഞാൽ ആ അപേക്ഷ Edit ചെയ്യുവാൻ സാധിക്കുകയില്ല.

   (d) Confirm – ചെയ്ത ശേഷം ലഭ്യമാകുന്ന Applciation ID യും വിഷയവും മറ്റ് വിവരങ്ങളും തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

9. Fee Concession ഉള്ളവർക്ക് അപ്പോൾ തന്നെ Applciation download ചെയ്യാവുന്നതാണ്.

10. Fee Concession ഇല്ലാത്തവർക്ക് ചെലാൻ download ചെയ്യാവുന്നതാണ്.

## രണ്ടാം ഘട്ടം

1. ചെലാൻ ഫോം ഉപയോഗിച്ച് ട്രഷറിയിൽ പണം അടച്ചതിനുശേഷം Home Page- ലെ Search / Up Grade Application – എന്ന Link click – ചെയ്ത് അവിടെ Applciation ID, Phone Number, Date of Birth ഇവ കൊടുത്ത് Login ചെയ്ത് ചെലാൻ നമ്പരും തീയതിയും Enter ചെയ്ത് Confirm – ബട്ടൺ Click ചെയ്യേണ്ടതാണ്.

2. അപ്പോൾ ദൃശ്യമാകുന്ന View/Download application form എന്ന link – ൽ click ചെയ്ത് Applciation Form - ന്റെ പ്രിന്റ് എടുക്കാവുന്നതാണ്.

3. അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും "സെക്രട്ടറി പരീക്ഷാ കമ്മീഷണറുടെ ആഫീസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം – 695012" എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷകൾ അയയ്ക്കുന്ന കവറിന്റെ പുറത്ത് കെ.ജി.റ്റി പരീക്ഷ മേയ് 2014 എന്ന് ചുവന്ന മഷിയിൽ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. സെന്റർ കോഡും ഇതോടൊപ്പം എഴുതേണ്ടതാണ്.

   N.B:- അപേക്ഷാഫോമിന്റെ ഒരു കോപ്പി പരീക്ഷാർത്ഥിയുടെ കൈവശം സൂക്ഷിക്കേണ്ടതാണ്.

# മറ്റു കാര്യങ്ങൾക്കുള്ള ഫീസ് നിരക്കുകൾ

1. തിയറി പേപ്പറുകൾക്ക് പരാജയപ്പെടുന്ന പരീക്ഷാർത്ഥികൾക്ക് ഫലം പ്രസിദ്ധപ്പെടുത്തി പതിനഞ്ചു ദിവസത്തിനുള്ളിൽ ഓരോ പേപ്പറിനും 50 രൂപ ക്രമത്തിൽ ഫീസടച്ച് മാർക്കുകളുടെ റീകൗണ്ടിംഗിന് അപേക്ഷിക്കാവുന്നതാണ്. പരീക്ഷകൾക്ക് നൽകിയ മാർക്കുകൾ കൂട്ടിയതിലോ എടുത്തെഴുതിയതിലോ ഉള്ള തെറ്റ്, ഏതെങ്കിലും ഉത്തരത്തിന് മാർക്ക് രേഖപ്പെടുത്താതെ വന്ന കാര്യം എന്നിവ മാത്രമേ റീ കൗണ്ടിംഗിൽ പരിശോധിക്കുകയുള്ളു. ഉത്തരക്കടലാസുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതല്ല. അനുബന്ധം (1) ആയി കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ മാത്രമേ റീകൗണ്ടിംഗിനു വേണ്ടി അപേക്ഷ അയയ്ക്കാൻ പാടുള്ളൂ. വേഡ് പ്രോസസിംഗ് പരീക്ഷയ്ക്ക് റീകൗണ്ടിംഗ് ഇല്ല.

2. കെ.ജി.ടി കോമേഴ്സ് പരീക്ഷയ്ക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഏതെങ്കിലും സാഹചര്യത്തിൽ നഷ്ടപ്പെടുകയോ ഉപയോഗരഹിതമാകുകയോ ചെയ്താൽ 350 (മുന്നൂറ്റി അൻപത് രൂപ) അടച്ച്, പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫാറത്തിൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷിക്കേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റും നഷ്ടപ്പെട്ടാൽ ട്രിപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ഫീസ് 750 (എഴുന്നൂറ്റി അൻപത്) രൂപയാണ്.

3. മേൽ പറഞ്ഞ രണ്ടു കാര്യങ്ങൾക്കുമുള്ള നിശ്ചിത ഫീസ് "0202-01-102-92 other receipt" എന്ന ഹെഡിൽ ചെലാൻ വഴി ട്രഷറിയിൽ പണം അടയ്ക്കുകയും അപേക്ഷ പരീക്ഷാഭവനിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്.

4. ഹയർ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ നിർബന്ധമായും ലോവർ പരീക്ഷ ജയിച്ചിരിക്കണം.

ഈ പരീക്ഷയെ സംബന്ധിച്ച എല്ലാ കത്തുകളും "സെക്രട്ടറി, പരീക്ഷാ കമ്മീഷണറുടെ ആഫീസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012" എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

മേൽപറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പ്രത്യേക അറിയിപ്പു കൂടാതെ നിരസിക്കുന്നതായിരിക്കും. പരീക്ഷയ്ക്കുശേഷമോ ഫലപ്രസിദ്ധീകരണത്തിനു ശേഷമോ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാലും അവരുടെ പരീക്ഷയിലെ പങ്കെടുപ്പ് റദ്ദാക്കുന്നതും അവരെ നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാക്കുന്നതുമാണ്. ഒരു കാരണവശാലും അപേക്ഷ അയച്ചതിനുശേഷം പരീക്ഷാ കേന്ദ്രം മാറ്റുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതല്ല. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ഏതെങ്കിലും ഒരു പരീക്ഷാ കേന്ദ്രത്തിൽ ഈ വിജ്ഞാപനത്തിൽ ഉൾകൊള്ളിച്ചിരിക്കുന്ന എല്ലാ വിഷയങ്ങൾക്കും പരീക്ഷ നടത്താൻ സാധിക്കാതെ വന്നാൽ അതേ കേന്ദ്രത്തിൽ പരീക്ഷ നടത്താത്ത വിഷയങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യപ്പെട്ടവർ, പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതുവാൻ ബാധ്യസ്ഥരാണ്.

ഗവ. ഓർഡർ നമ്പർ ജി. ഒ. (എം.എസ്) 286/83 H Edn. Dated 25/11/1983 പ്രകാരം ഒറ്റ കൈ കൊണ്ട് ടൈപ്പ് ചെയ്യുന്ന വികലാംഗരായ പരീക്ഷാർത്ഥികൾക്ക് മണിക്കൂറിന് 15 മിനിട്ട് അധിക സമയം അനുവദിക്കുന്നതാണ്. പ്രസ്തുത പരീക്ഷാർത്ഥികൾ ഇതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് ചീഫ് സൂപ്രണ്ട് മുമ്പാകെ ഹാജരാക്കേണ്ടതാണ്

G.O. Ms 116/72 dated 16/08/1972 പ്രകാരം ബധിരരും, മൂകരുമായ പരീക്ഷാർത്ഥികൾക്ക് 25% അഡിഷണൽ മാർക്ക് നൽകുന്നതാണ്. ഇതിനായി ബന്ധപ്പെട്ട പരീക്ഷാർത്ഥികൾ മെഡിക്കൽ സർട്ടിക്കറ്റു സഹിതം പ്രത്യേക അപേക്ഷ, അപേക്ഷാ ഫാറത്തോടൊപ്പം സമർപ്പിച്ച് മുൻകൂട്ടി അനുമതി വാങ്ങേണ്ടതാണ്.

## ഫീസ് സൗജന്യത്തിന് അർഹതയുള്ളവർ

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും കുടുംബി സമുദായക്കാർക്കും ഈ വിഭാഗങ്ങളിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തിയിട്ടുള്ളവർക്കും ഓരോ വിഷയത്തിനും പരമാവധി രണ്ട് പരീക്ഷകൾക്ക് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കും. ആദ്യം പരീക്ഷ എഴുതി മൂന്നു വർഷത്തിനുള്ളിലാണെങ്കിൽ മാത്രമേ രണ്ടാം പ്രാവശ്യം സൗജന്യത്തിന് അർഹതയുള്ളു. എസ്.എസ്.എൽ.സി. യിൽ ജാതി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട തഹസീൽദാരിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

ഫീസ് സൗജന്യത്തിന് വേണ്ടി താഴെ കാണിച്ചിരിക്കുന്ന രീതിയിൽ വിദ്യാർത്ഥി തന്നെ അപേക്ഷയോടൊപ്പം ഒരു സത്യവാങ്മൂലം ഒപ്പിട്ട് നൽകിയിരിക്കണം.

## സത്യവാങ്മൂലം

ഞാൻപട്ടികജാതി/പട്ടികവർഗ്ഗ/കുടുംബി/വിഭാഗത്തിപ്പെട്ട/വിഭാഗത്തിൽനിന്നും ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തിയ/ വ്യക്തിയാണ്. അതുകൊണ്ട് എനിക്ക് ഫീസ് സൗജന്യത്തിന് അർഹതയുണ്ട്.

കെ.ജി.ടി......................................................................................
. (വിഷയ ത്തിന്റ പേര്,ഗ്രേഡ്) ഞാൻ ആദ്യമായാണ്/രണ്ടാംപ്രാവശ്യമാണ്. പരീക്ഷയെഴുതുവാൻ അപേക്ഷിക്കുന്നത് ആദ്യം അപേക്ഷിച്ചത് ..........................................ആകുന്നു.

തീയതി................................ . പരീക്ഷാർത്ഥിയുടെ പേരും ഒപ്പും.

തിരുവനന്തപുരം ശ്രീചിത്രാഹോമിലെ അന്തേവാസികൾക്ക് തുടർച്ചയായി രണ്ടുപ്രാവശ്യം ഫീസ് സൗജന്യത്തിന് അർഹതയുണ്ട്. ഇതിനുവേണ്ടി ശ്രീചിത്രഹോമിലെ സൂപ്രണ്ട് താഴെ കാണുന്ന സത്യവാങ്മൂലം ഓരോ പരീക്ഷാർത്ഥിക്കും നൽകണം.

## സത്യവാങ്മൂലം

..............................................................(പരീക്ഷാർത്ഥിയുടെ പേര്)
ആദ്യമാണ്/രണ്ടാംപ്രാവശ്യമാണ്...................................കെ.ജി.ടി...............
.....................................................................(വിഷയം/ഗ്രേഡ്)
പരീക്ഷയ്ക്ക് അപേക്ഷിക്കുന്നത്. ആയതിനാൽ ഫീസ് സൗജന്യത്തിൻ അർഹതയുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

തീയതി......................

ഒപ്പ്
സൂപ്രണ്ട്, ശ്രീ.ചിത്രഹോം

മുൻപ് പരീക്ഷയ്ക്ക് ചേരുവാൻ അപേക്ഷിക്കുകയും എന്നാൽ ഹാജരാവാതിരിക്കുകയും ചെയ്യുന്നതും ഒരു ചാൻസായി കണക്കാക്കും.

**ഫീസ് സൗജന്യത്തിനുവേണ്ടി വാസ്തവവിരുദ്ധമായ സത്യവാങ്മൂലം നൽകുന്ന പരീക്ഷാർത്ഥികളെ സ്ഥിരമായോ താൽകാലികമായോ ഈ ബോർഡ് നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അയോഗ്യത കൽപിക്കുന്നതാണ്.**

## പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസയോഗ്യതകൾ

### (എ) ജനറൽ

1. ഷോർട്ട് ഹാൻഡിന്റെയോ ടൈപ്പ്റൈറ്റിന്റെയോ ലോവർ ഗ്രേഡിന് എസ്.എസ്.എൽ.സി പഠനം പൂർത്തിയായിരിക്കണം.
2. ഹയർ/ഹൈസ്പീഡുകൾക്ക് എസ്.എസ്.എൽ.സി പാസ്സായിട്ടുള്ളവർ മാത്രമാണ് അപേക്ഷിക്കാൻ അർഹതയുള്ളത്.

### (ബി) ടെക്നിക്കൽ

അതാത് വിഷയത്തിൽ/ഗ്രേഡിൽ സിലബസ്സനുസ്സരിച്ച് ആവശ്യമായ പ്രാവീണ്യവും പരിജ്ഞാനവും ഉണ്ടായിരിക്കുന്നതിനു പുറമെ, അതാത് ഗ്രേഡിൽ താഴെപ്പറയുന്ന സാങ്കേതിക വിജ്ഞാനവും ഉണ്ടായിരിക്കണം.

1. ടൈപ്പ്റൈറ്റിംഗ് ലോവർ ഗ്രേഡിന് മിനിട്ടിൽ ഇംഗ്ലീഷ് 30 വാക്കുകളും മലയാളം 25 വാക്കുകളും ഹിന്ദി 20 വാക്കുകളുമാണ് ടൈപ്പ് ചെയ്യാനുള്ള വേഗത. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹയർ ഗ്രേഡിന് 45 വാക്കുകളും ഹൈസ്പീഡിന് ആകെ 10 മിനിട്ടുകൊണ്ട് 3375 സ്ട്രോക്കും മലയാളം ടൈപ്പ്റൈറ്റിംഗ് ഹയർഗ്രേഡിന് 35 വാക്കുകളും ഹിന്ദി ടൈപ്പ്റൈറ്റിംഗ് ഹയർ ഗ്രേഡിന് 35 വാക്കുകളുമാണ് ടൈപ്പുചെയ്യാനുള്ള വേഗത. 01/10/2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 246/11/ഉ.വി.വ. അനുസരിച്ച് കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് ഹിന്ദി പരീക്ഷയുടെ ആകെ ചോദ്യങ്ങളുടെ എണ്ണം 4 ഉം പരീക്ഷാ സമയം 2 മണിക്കൂർ ഉം ആയിരിക്കും
2. ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ലോവർ ഗ്രേഡിന് മിനിട്ടിൽ 80 വാക്കുകളും ഹയർ ഗ്രേഡിന് 120 വാക്കുകളും ആണ് വേഗത. ഹൈസ്പീഡിന് ഹയർ ഗ്രേഡും പാസായിരിക്കണം. എന്നാൽ ടൈപ്പ്റൈറ്റിംഗ് ഒരു വിഷയമായി എസ്.എസ്.എൽ.സി. പാസായവരെ ടൈപ്പ്റൈറ്റിംഗ് ഇംഗ്ളീഷ് ഹയർഗ്രേഡിന് ചേരുന്നതിന് കർണാടക സെക്കണ്ടറി എഡ്യൂക്കേഷൻ ബോർഡ് നടത്തുന്ന ടൈപ്പ്റൈറ്റിഗും, ഷോർട്ട്ഹാൻഡും ജൂനിയർ ഗ്രേഡും സീനിയർ ഗ്രേഡും പാസ്സായവർക്ക് യഥാക്രമം കെ.ജി.റ്റി. ടൈപ്പ്റൈറ്റിംഗും ഷോർട്ട്ഹാൻഡും ഇംഗ്ലീഷ് ഹയർ ഹൈസ്പീഡ് ഗ്രേഡുകൾക്കും മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ പരീക്ഷ എഴുതാവുന്നതാണ്. ഏതെങ്കിലും ഒരു വിഷയത്തിന് നിയമവിധേയമായി നേരത്തെ എഴുതി തോറ്റവർക്ക് വീണ്ടും അതേ വിഷയത്തിന് തന്നെ അപേക്ഷിക്കാവുന്നതാണ്.
3.

### (സി) കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ലോവർ/ഹയർ

പുതിയ സിലബസ് പ്രകാരം കേരളാ സർക്കാർ നടത്തുന്ന ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്/മലയാളം (ലോവർ/ഹയർ) പരീക്ഷകൾക്ക് മൂന്നാം പേപ്പറായി കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ

ഈവിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് ഓൺലൈൻ മുഖാന്തിരം മാത്രമാണ് അപേക്ഷിക്കേണ്ടത് അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. ഓൺലൈൻ വഴി എങ്ങനെയാണ് അപേക്ഷ സമർപ്പിക്കുന്നത് എന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

1. എസ്.എസ്.എൽ.സി. ബുക്ക് ലഭിച്ചതിനുശേഷം വരുന്ന പേരുമാറ്റങ്ങൾ കേരളാ ഗവൺമെന്റ് ഗസറ്റു വഴിയല്ലെങ്കിൽ സ്വീകാര്യമല്ല

2. നേരത്തെ എഴുതി തോറ്റ വിഷയത്തിന് ഇപ്പോൾ വീണ്ടും അപേക്ഷിക്കുകയാണെങ്കിൽ ഗസ്റ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ (മാർക്ക് ലിസ്റ്റിന്റെ) പകർപ്പ് ഹാജരാക്കേണ്ടതാണ്.

3. സർക്കാർ അംഗീകൃത സമ്പ്രദായങ്ങളിൽ മാത്രമേ ഇംഗ്ലീഷിലും മലയാളത്തിലും ഷോർട്ട് ഹാൻഡിന് ഹാജരാകുവാൻ അനുവാദമുള്ളു. സർക്കാർ അംഗീകരിക്കാത്ത സമ്പ്രദായങ്ങളിൽ പരീക്ഷ എഴുതുവാൻ അയയ്ക്കപ്പെടുന്ന അപേക്ഷകൾ പ്രത്യേകമായി അറിയിപ്പുകൾ കൂടാതെ നിരസ്സിക്കുന്നതായിരിക്കും. <u>ഷോർട്ട്ഹാന്റ് പരീക്ഷയ്ക്ക് ചേരുന്നവർ കോളം 12 ബിയിൽ എഴുതുവാൻ ഉദ്ദേശിക്കുന്ന സമ്പ്രദായത്തിന്റെ പേര് (പിറ്റുമാൻ, പണ്ടാല, അരുൾ ഇവയിലേതെന്ന്.) രേഖപ്പെടുത്തിയിരിക്കണം..</u>

4. അപേക്ഷയുടെ പ്രിന്റ്ഔട്ട് അയയ്ക്കേണ്ട വിലാസം " സെക്രട്ടറി, പരീക്ഷാകമ്മീഷണറുടെ ആഫീസ്,പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012"

5. അപേക്ഷകളയയ്ക്കുന്ന കവറുകളുടെ പുറത്ത് <u>കെ.ജി.ടി.കോമേഴ്സ് പരീക്ഷ</u> **മേയ് – 2014** എന്ന് നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം

6. ജനനത്തിയതി, വിദ്യാഭ്യാസ യോഗ്യത ഇവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എതെങ്കിലും (ഗസ്റ്റഡ് ആഫീസർ) അറ്റസ്റ്റ് ചെയ്തിരിക്കണം.

7. ഒന്നിലധികം വിഷയങ്ങൾ എഴുതുന്നവർ ഓരോന്നിനും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കാൻ പാടുള്ളതല്ല. എല്ലാം കൂടി ഒരു അപേക്ഷയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

8. ഈ വിജ്ഞാപനത്തിൽ പരാമർശിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

9. പരീക്ഷ ഫലം പ്രഖ്യപിച്ച് കഴിഞ്ഞാൽ പരീക്ഷാ സംബ്ധമായ എല്ലാ തീരുമാനങ്ങൾക്കും ആറു മാസം കാലാവധിയേ ഉണ്ടായിരിക്കുകയുള്ളൂ.

10. സെന്ററുകളിൽ 50 കുട്ടികളിൽ കുറവായി കണ്ടാൽ തൊട്ടടുത്ത പരീക്ഷാസെന്ററുകളിലേക്ക് പരീക്ഷാർത്ഥികളെ ക്ളബ്ബ് ചെയ്യുന്നതായിരിക്കും.

## ഹാൾടിക്കറ്റ്

1. പരീക്ഷ തുടങ്ങുന്നതിന് 10/05/2014 മുതൽ ഹാൾടിക്കറ്റ് പരീക്ഷാർത്ഥികൾക്ക് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

2. പരീക്ഷാസമയത്ത് ഹാൾടിക്കറ്റ് പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടായിരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്. ഹാൾടിക്കറ്റില്ലാതെ പരീക്ഷയ്ക്കരിക്കുവാൻ ഒരു പരീക്ഷാർത്ഥിയേയും അനുവദിക്കുന്നതല്ല.

## പരീക്ഷയെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ

1. പരീക്ഷാർത്ഥികളുടെ എണ്ണം അനുസരിച്ച് മാത്രമേ ബാച്ച് അനുവദിക്കുകയുള്ളു

2. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ലോവർ/ഹയർ ഗ്രേഡുകൾക്ക് ആറ് ബാച്ചും ഇംഗ്ലീഷ് ഹൈസ്പീഡിന് ഒരു ബാച്ചും ഉണ്ടായിരിക്കും. മലയാളം ലോവറിന് ഒൻപത് ബാച്ചും ഹയറിന് ആറ് ബാച്ചും ഹിന്ദി ലോവറിന് നാല് ബാച്ചും ഹയറിന് മൂന്ന് ബാച്ചും ഉണ്ടായിരിക്കും. പരീക്ഷാർത്ഥികൾ നേരിട്ടോ ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾ വഴിയോ ഏത് ബാച്ചിൽ പരീക്ഷയ്ക്കെഴുതുവാൻ ഉദ്ദേശിക്കുന്നുവെന്ന വിവരം പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിനെ നേരത്തേ തന്നെ അറിയിച്ചിരിക്കണം.

4 ഷോർട്ട് ഹാൻഡ് പരീക്ഷയ്ക്ക് ഷോർട്ട്നോട്ട് ലോംഗ്ഹാന്റിൽ പകർത്തുവാൻ ആവശ്യമെങ്കിൽ ടൈപ്പ്റൈറ്റർ ഉപയോഗിക്കാവുന്നതാണ്.

5 ടൈപ്പ്റൈറ്റിംഗ് പരീക്ഷയ്ക്ക് ഉത്തരക്കടലാസിൽ,തീയതി,ബാച്ച് നമ്പർ,വിഷയം,ഗ്രേഡ്, രജിസ്റ്റർ നമ്പർ, ഇവ ടൈപ്പ് ചെയ്യുന്നതിനു പുറമെ രജിസ്റ്റർ നമ്പർ പേന ഉപയോഗിച്ച് ആദ്യപേജിൽ എഴുതണം. രജിസ്റ്റർ നമ്പർ തെറ്റിച്ചെഴുതി ഫലം തടഞ്ഞു വയ്ക്കേണ്ടി വന്നാൽ അതിന്റെ ഉത്തരവാദിത്വം പരീക്ഷാർത്ഥികളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

6 ഓരോ പേപ്പറിന്റെയും ഉത്തരക്കടലാസുകൾ പ്രത്യേകം തുന്നിക്കെട്ടണം. ഒരു കാരണവശാലും ഒന്നും രണ്ടും പേപ്പറുകളുടെ ഉത്തരക്കടലാസ് ഒരുമിച്ച് തുന്നിക്കെട്ടരുത്.

7. പരീക്ഷയ്ക്കാവശ്യമായ എല്ലാ ഉപകരണങ്ങളും പരീക്ഷാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്.

8. എഴുതിയ കടലാസ്, ബുക്ക്, വരയിട്ട കടലാസ്, തുടങ്ങിയ സാധനങ്ങളൊന്നും പരീക്ഷാഹാളിൽ കൊണ്ടുവരാൻ പാടില്ല. ഉത്തരങ്ങൾ എഴുതുവാനുള്ള, ടൈപ്പ് ചെയ്യുവാനുള്ള പേപ്പർ വരയിട്ട കടലാസ്,ഷോർട്ട് ഹാന്റ് നോട്ട്ബുക്ക്, ലഡ്ജർപേപ്പർ, ഡ്രായിൻ ഇവ പരീക്ഷാ കേന്ദ്രത്തിൽ നിന്നും ലഭിക്കും.

9 പകർച്ചവ്യാധിയുള്ളവരെ പരീക്ഷയ്ക്കിരുത്തുന്നതല്ല.

10 പരീക്ഷ നടന്നുകൊണ്ടിരിക്കെ ഹാൾ വിടുന്ന പരീക്ഷാർത്ഥിയെ വീണ്ടും പരീക്ഷാഹാളിൽ കടക്കുവാൻ അനുവദിക്കുന്നതല്ല.

11. പരീക്ഷ ആരംഭിക്കുന്നതിന് 5 മിനിട്ട് മുമ്പെങ്കിലും പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ അവരവരുടെ സീറ്റിൽ ഉണ്ടായിരിക്കണം.

12 ഹാളിനുള്ളിൽ നിശ്ബദത പാലിക്കേണ്ടതാണ്. സൂപ്രണ്ടുമാരുടെ നിർദ്ദേശങ്ങൾ പരീക്ഷാർത്ഥികൾ അനുസരിക്കണം.

13 അപേക്ഷയിൽ തന്നിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ പരീക്ഷാഫലം തടഞ്ഞുവയ്ക്കുന്നതായിരിക്കും. തെറ്റായ വിവരങ്ങൾ തന്നത് ബോധപൂർവ്വമാണെന്ന് തെളിഞ്ഞാൽ പരീക്ഷാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതാണ്.

14 പരീക്ഷയിൽ ക്രമക്കേടുകൾ കാണിക്കുകയോ ഹാളിനുള്ളിലോ പുറത്തോ നിയമ വിരുദ്ധമായി പെരുമാറുകയോ ചെയ്യുന്നവർക്കെതിരെ ബന്ധപ്പെട്ടവരിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളെടുക്കുന്നതായിരിക്കും. ഈ ബോർഡ് നടത്തുന്ന പരീക്ഷകളെ സംബന്ധിക്കുന്ന പൊതു നിയമങ്ങളും നിർദ്ദേശങ്ങളും ഈ പരീക്ഷയ്ക്കും ബാധകമാണ്.

**<u>പരീക്ഷയ്ക്ക് ഉപയോഗിക്കുവാൻ അംഗീകരിച്ചിട്ടുള്ള ടൈപ്പ്റൈറ്ററുകൾ</u>**

| | | | |
|---|---|---|---|
| 1. | റമിംഗ്ടൺ | 16 | വുഡ്സ്റ്റോക്ക് |
| 2. | റോയൽ എംപയർ | 17 | ഓർഗാ പ്രൈവറ്റ് |
| 3. | ബാഡ്ലാക് | 18 | ഉറാനിയാ |
| 4. | കേപ്പൽ | 19 | ഓളിവർ |
| 5. | ഐഡിയർ | 20 | കോണ്ടിജന്റൽ |
| 6. | എറിക്കാ | 21 | മൊണാർക്ക് |
| 7. | കൊറാണി | 22 | എൽ.സി. സ്മിത്ത് ആൻഡ് ബ്രദേഴ്സ് |
| 8. | ടോർപ്പിഡോ | 23 | ഒളിംബിയ |
| 9. | ഗോദറേജ് | 24 | ഹെഗ്സ് |
| 10. | സ്മിത്ത് പ്രിമിയർ | 25 | ബി.ഈ |
| 11. | ഇമ്പീരിയൽ | 26 | ബ്രിട്ടീഷ് എംബയർ |
| 12. | മെഴ്സിഡസ് | 27 | ഒളിവെട്ടി |
| 13. | ഡിമൗണ്ടബിൾ | 28 | അഡ്ലർ |
| 14. | ഹാൾഡാ | 29 | അഡ്ലർ |
| 15. | ആർ.ബി.അല്ലൻ | 30 | ഫാസിറ്റ് |

പരീക്ഷാസമയത്ത് ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളെയോ പുറമെ നിന്നുള്ളവരെയോ പരീക്ഷാഹാളിലും പരിസരത്തും നിൽക്കുവാൻ അനുവദിക്കുന്നതല്ല.

പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച മറ്റു നിർദ്ദേശങ്ങൾ കമ്മീഷണറുടെ സെക്രട്ടറിയോ അധികാരമുള്ള മറ്റ് ആഫീസറോ നൽകുന്നതായിരിക്കും.

പരീക്ഷാ കമ്മീഷണറുടെ ആഫീസ്
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം

**( ഒപ്പ് )**
**ജോൺസ് വി.ജോൺ**
**പരീക്ഷാകമ്മീഷണറുടെ സെക്രട്ടറി**

## അനുബന്ധം –1

## കെ.ജി.ടി പരീക്ഷ മേയ് – 2014

## ഉത്തരക്കടലാസിന് ലഭിച്ച മാർക്കുകളുടെ റീകൗണ്ടിംങ്ങിനുള്ള അപേക്ഷ

1. വിദ്യാർത്ഥിയുടെ പേര്,ഇനിഷ്യൽ : പരീക്ഷാകേന്ദ്രം:
2. രജി.നമ്പർ :
3. റീ കൗണ്ടിംഗിന് ഉദ്ദേശിക്കുന്ന വിഷയത്തിന് പേരും പേപ്പർ നമ്പരും :
4 റീ കൗണ്ടിംഗിന് ആവശ്യപ്പെടുന്ന വിഷയത്തിന് ലഭിച്ചിരിക്കുന്ന മാർക്കുകൾ :
5. അടച്ച ഫീസ് (ഓരോ പേപ്പറിനും 50 രൂപ ഹൈഡ് 0202–01–102–92 അദർ റസീപറ്റ്സ്) : ട്രഷറി :
6 ചെലാൻ നമ്പർ :
7 വിദ്യാർത്ഥിയുടെ പൂർണ്ണമായ പോസ്റ്റൽ വിലാസം:

സ്ഥലം.....................

തീയതി.....................

വിദ്യാർത്ഥിയുടെ ഒപ്പ്

കുറിപ്പ്. അസ്സൽ ചെലാൻ രസീത് ഈ അപേക്ഷയോടൊപ്പം പിൻ ചെയ്ത് അയയ്ക്കേണ്ടതാണ്.

..............................................................................................

## അനുബന്ധം –2

## കെ.ജി.ടി പരീക്ഷ മേയ് – 2014

## ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ

1. വിദ്യാർത്ഥിയുടെ പേര് ഇനിഷ്യൽ :
2. രജിസ്റ്റർ നമ്പർ :
3. കെ.ജി.ടി പരീക്ഷാ കേന്ദ്രം :
4. പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന വിഷയങ്ങൾ :
5 ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റിനു വേണ്ടി 0202–01–102–92 അദർ റസീപ്റ്റ്സ് അടച്ച 10 രൂപയുടെ ചെലാൻ നമ്പർ : തീയതി : ട്രഷറി :
6 അസ്സൽ അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെടുവാനിടയായ സാഹചര്യം
7. വിദ്യാർത്ഥിയുടെ പൂർണ്ണമായ പോസ്റ്റൽ വിലാസം :

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും അസ്സൽ അഡ്മിഷൻ ടിക്കറ്റ് യാതൊരു സാഹചര്യത്തിലും ദുരുപയോഗപ്പെടുത്തിട്ടില്ലെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം............................

തീയതി...........................

വിദ്യാർത്ഥിയുടെ ഒപ്പ്

കുറിപ്പ് അസ്സൽ ചെലാൻ രസീതും പൂർണ്ണമായി പൂരിപ്പിച്ച് ഫോട്ടോ പതിച്ച് അറ്റസ്റ്റ് ചെയ്യിച്ച ഹാൾടിക്കറ്റിന്റെ കോപ്പിയും ഇതോടൊപ്പം ചീഫ് സൂപ്രണ്ടിന്റെ ശുപാർശയോടെ അയയ്ക്കണം

**അനുബന്ധം – 4**

**കേരളാ ഗവൺമെന്റ് ടെക്‌നിക്കൽ എക്സാമിനേഷൻ (കോമേഴ്സ് ഗ്രൂപ്പ്) മേയ് – 2014**

**ടൈംടേബിൾ**

| ബാച്ച് | ഒന്നാം പേപ്പർ | രണ്ടാം പേപ്പർ |
|---|---|---|
| **ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ)** | | |
| **21/05/2014 ബുധൻ** | | |
| ഒന്ന് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | രാവിലെ 12.15 മുതൽ 1.45 വരെ |
| മൂന്ന് | ഉച്ചയ്ക്ക് 2.30 മുതൽ 2.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| **22/05/2014 വ്യാഴം** | | |
| നാല് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| അഞ്ച് | രാവിലെ 11.50 മുതൽ 12.00 വരെ | രാവിലെ 12.15 മുതൽ 1.45 വരെ |
| ആറ് | ഉച്ചയ്ക്ക് 2.30 മുതൽ 2.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| **ടൈപ്പ്റൈറ്റിംഗ് മലയാളം (ലോവർ)** | | |
| **21/05/2014 ബുധൻ** | | |
| ഒന്ന് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | രാവിലെ 12.15 മുതൽ 1.45 വരെ |
| മൂന്ന് | ഉച്ചയ്ക്ക് 2.30 മുതൽ 2.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| **22/05/2014 വ്യാഴം** | | |
| നാല് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| അഞ്ച് | രാവിലെ 11.50 മുതൽ 12.00 വരെ | രാവിലെ 12.15 മുതൽ 1.45 വരെ |
| ആറ് | ഉച്ചയ്ക്ക് 2.30 മുതൽ 2.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| **23/05/2014 വെള്ളി** | | |
| ഏഴ് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| എട്ട് | രാവിലെ 11.50 മുതൽ 12.00 വരെ | രാവിലെ 12.15 മുതൽ 1.45 വരെ |
| ഒൻപത് | ഉച്ചയ്ക്ക് 2.30 മുതൽ 2.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| **ടൈപ്പ്റൈറ്റിംഗ് ഹിന്ദി (ലോവർ)** | | |
| **21/05/2014 ബുധൻ** | | |
| ഒന്ന് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.30 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | രാവിലെ 12.15 മുതൽ 2.15 വരെ |
| **22/05/2014 വ്യാഴം** | | |
| മൂന്ന് | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.30 വരെ |
| നാല് | രാവിലെ 11.50 മുതൽ 12.00 വരെ | രാവിലെ 12.15 മുതൽ 2.15 വരെ |

| ടൈപ്പ്റൈറ്റിംഗ് – ഇംഗ്ലീഷ് (ഹൈസ്പീഡ്) | | |
|---|---|---|
| 23/05/2014 വെള്ളി | | |
| ഒന്ന് | രാവിലെ 9.40 മുതൽ 9.50 വരെ | |
| ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ) | | |
| 26/05/2014 തിങ്കൾ | | |
| ഒന്ന് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | രാവിലെ 12.15 മുതൽ 2.15 വരെ |
| മൂന്ന് | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |
| 27/05/2014 ചൊവ്വ | | |
| നാല് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| അഞ്ച് | രാവിലെ 11.50 മുതൽ 12.00 വരെ | രാവിലെ 12.15 മുതൽ 2.15 വരെ |
| ആറ് | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |
| ടൈപ്പ്റൈറ്റിംഗ് മലയാളം (ഹയർ) | | |
| 26/05/2014 തിങ്കൾ | | |
| ഒന്ന് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| മൂന്ന് | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |
| 27/05/2014 ചൊവ്വ | | |
| നാല് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| അഞ്ച് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| ആറ് | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |
| ടൈപ്പ്റൈറ്റിംഗ് ഹിന്ദി (ഹയർ) | | |
| 26/05/2014 തിങ്കൾ | | |
| ഒന്ന് | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| രണ്ട് | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| മൂന്ന് | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |
| ഷോർട്ട് ഹാൻഡ് – ഇംഗ്ലീഷ് (ലോവർ) | | |
| 28/05/2014 ബുധൻ | | |
| രാവിലെ 9.00 മുതൽ 9.07 വരെ | | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.20 മുതൽ 10.25 വരെ | | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| രാവിലെ 10.45 മുതൽ 12.00 വരെ | | രണ്ടാം പേപ്പർ തത്വങ്ങളും പകർത്തിയെഴുത്തും സംഗ്രഹിക്കലും |

| | |
|---|---|
| **ഷോർട്ട് ഹാൻഡ് –ഇംഗ്ലീഷ് (ഹയർ)** | |
| **28/05/2014 ബുധൻ** | |
| രാവിലെ 9.00 മുതൽ 9.07 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.45 മുതൽ 11.15 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 12.00 മുതൽ 12.04 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ ഡിക്റ്റേഷൻ |
| ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ വികസിപ്പിച്ചെഴുത്ത് |
| ഉച്ചയ്ക്ക് 2.30 മുതൽ 2.37 വരെ | മൂന്നാം പേപ്പർ ഡിക്റ്റേഷൻ |
| ഉച്ചയ്ക്ക് 2.45 മുതൽ 5.15 വരെ | മൂന്നാം പേപ്പർ വികസിപ്പിച്ചെഴുത്ത്, സംഗ്രഹിക്കലും (തീയറിയും) |
| **ഷോർട്ട് ഹാൻഡ് –ഇംഗ്ലീഷ് (ഹൈസ്പീഡ്)** | |
| **29/05/2014 വ്യാഴം** | |
| രാവിലെ 10.40 മുതൽ 10.45 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 11.00 മുതൽ 12.15 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 1.15 മുതൽ 1.20 വരെ | രണ്ടാം പേപ്പർ ഡിക്റ്റേഷൻ (കൺഡൻസേഷൻ) |
| ഉച്ചയ്ക്ക് 1.30 മുതൽ 2.45 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ വികസിപ്പിച്ചെഴുത്ത് |
| **ഷോർട്ട് ഹാൻഡ് –മലയാളം(ലോവർ)** | |
| **29/05/2014 വ്യാഴം** | |
| രാവിലെ 9.00 മുതൽ 9.07 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.20 മുതൽ 10.50 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| രാവിലെ 11.15 മുതൽ 12.15 വരെ | രണ്ടാം പേപ്പർ തത്വങ്ങളും പകർത്തിയെഴുത്തും സംഗ്രഹിക്കലും |
| **ഷോർട്ട് ഹാൻഡ് –മലയാളം(ഹയർ)** | |
| **29/05/2014 വ്യാഴം** | |
| രാവിലെ 10.00 മുതൽ 10.07 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 10.20 മുതൽ 12.20 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 1.30 മുതൽ 1.34 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ ഡിക്റ്റേഷൻ |
| ഉച്ചയ്ക്ക് 1.35 മുതൽ 3.05 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ വികസിപ്പിച്ചെഴുത്ത് |
| ഉച്ചയ്ക്ക് 3.10 മുതൽ 3.17 വരെ | മൂന്നാം പേപ്പർ ഡിക്റ്റേഷൻ വികസിപ്പിച്ചെഴുത്ത് |
| ഉച്ചയ്ക്ക് 3.20 മുതൽ 5.50 വരെ | മൂന്നാം പേപ്പർ സംഗ്രഹിക്കലും (തീയറിയും) |

**അനുബന്ധം – 4**

**കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കോമേഴ്സ് ഗ്രൂപ്പ്)**

**സെന്റർ ലിസ്റ്റ് മേയ് – 2014**

| ക്രമ നം | സെന്റർ കോഡ് | സെന്ററിന്റെ പേര്<br>സ്റ്റാർ ചിഹ്നം (*) ഷോർട്ട് ഹാന്റ് പരീക്ഷ ഉൾപ്പെടുന്ന സെന്റർ |
|---|---|---|
| 1 | 11002 | *ഗവ ഹയർ സെക്കണ്ടറി സ്കൂൾ കാസർഗോഡ് |
| 2 | 12001 | ദുർഗ്ഗ ഹയർ സെക്കണ്ടറി സ്കൂൾ, കാഞ്ഞങ്ങാട് |
| 3 | 13005 | *ഗവ.വി.എച്ച്.എസ്.ഫോർ ഗേൾസ്, കണ്ണൂർ |
| 4 | 13013 | ചൊവ്വ എച്ച്.എസ്.എസ്. കണ്ണൂർ |
| 5 | 13024 | മൂത്തേടത്ത് എച്ച്.എസ്. തളിപ്പറമ്പ, കണ്ണൂർ |
| 6 | 13028 | ഗവ.ബോയിസ് എച്ച്.എസ്.എസ്. ചെറുകൂന്ന്, കണ്ണൂർ |
| 7 | 13101 | എ.കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവ.വി.എച്ച്.എസ്. പയ്യന്നൂർ |
| 8 | 14005 | ബി.ഇ.എം.പി. ഹൈസ്കുൾ, തലശ്ശേരി |
| 9 | 14009 | ഗവ.ഹൈസ്കൂൾ ചിറക്കര തലശ്ശേരി |
| 10 | 14032 | വി.പി. ഓറിയന്റൽ ഹൈസ്കുൾ, ചൊക്ലി, തലശ്ശേരി |
| 11 | 15022 | *എസ്.കെ.എം.ജെ ഹയർസെക്കണ്ടറി സ്കുൾ, കൽപ്പറ, വയനാട് |
| 12 | 15053 | ഗവ.സർജന ഹയർസെക്കണ്ടറി സ്കുൾ, സുൽത്താൻബത്തേരി, വയനാട് |
| 13 | 16004 | ഗവ. സംസ്കൃത എച്ച്. എസ്.എസ്. വടക്കര |
| 14 | 16046 | ഗവ.വി.എച്ച്.എസ്.എസ് ഫോർ ബോയിസ്, കൊയിലാണ്ടി, വടക്കര |
| 15 | 17001 | *ഗവ.ഗണപത് ഹൈസ്കുൾ ഫോർബോയിസ്, കോഴിക്കോട് |
| 16 | 17015 | ഗവ. ഹൈസ്കുൾ,കാരപ്പറമ്പ, കോഴിക്കോട് |
| 17 | 17021 | ഗവ മോഡൽ ഹയർസെക്കണ്ടറി സ്കൂൾ, കോഴിക്കോട് |
| 18 | 18013 | ഗവ. ബോയിസ് ഹൈസ്കുൾ, മലപ്പുറം |
| 19 | 18021 | ഗവ. ഹൈസ്കുൾ ഫോർബോയിസ്, മഞ്ചേരി, മലപ്പുറം |
| 20 | 19016 | *ഗവ ബോയിസ്, ഹയർസെക്കണ്ടറി സ്കൂൾ, തെക്കേമുറി,തിരൂർ |
| 21 | 20022 | കെ.വി.ആർ. ഹൈസ്കുൾ, ഷൊർണ്ണൂർ,ഒറ്റപാലം |
| 22 | 20027 | എൻ.എസ്.എസ്.കെ.പി.റ്റി. ഹൈസ്കുൾ, ഒറ്റപാലം |
| 23 | 21012 | ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കുൾ, ആലത്തൂർ, പാലക്കാട് |
| 24 | 21027 | ഗവ.ബോയിസ് ഹയർസെക്കണ്ടറി സ്കുൾ, നെന്മാറ, പാലക്കാട് |
| 25 | 21055 | *പി.എം.ജി. ഹയർസെക്കണ്ടറി സ്കുൾ, പാലക്കാട് |
| 26 | 21057 | ബി.ഇ.എം.എച്ച്.എസ്.എസ്. പാലക്കാട് |
| 27 | 21084 | കെ.റ്റി.എം.എച്ച്.എസ്. മണ്ണാർക്കാട് |
| 28 | 22056 | *ഗവ.മോഡൽ. എച്ച്.എസ്.എസ്. ഫോർ ബോയിസ്, തൃശ്ശൂർ |
| 29 | 23005 | ഗവ.വി.എച്ച്.എസ്.എസ്. ചാലക്കുടി |
| 30 | 23012 | ഗവ.എച്ച്.എസ്.എസ്, കൊടുങ്ങല്ലൂർ |

| | | |
|---|---|---|
| 31 | 23046 | സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, മാള, മാള പി.ഒ, ഇരിഞ്ഞാലക്കുട |
| 32 | 24012 | ഗവ.മോഡൽ എച്ച്.എസ്.എസ് ഫോർ ഗേൾസ്, കുന്നംകുളം |
| 33 | 25067 | ഗവ.ബോയിസ് എച്ച്.എസ്.എസ്. നോർത്ത് പറവൂർ |
| 34 | 25084 | ഗവ.വി.എച്ച്.എസ്.എസ്, കളമശ്ശേരി, ആലുവ |
| 35 | 26011 | റ്റി.ഡി. ഹൈസ്കൂൾ, മട്ടഞ്ചേരി |
| 36 | 26035 | *ഗവ.എച്ച്.എസ്.എസ് ഫോർഗേൾസ്, എറണാകുളം |
| 37 | 26044 | ഗവ.വി.എച്ച്.എസ്.എസ് മങ്കയിൽ, മരട് |
| 38 | 26045 | ഗവ.എച്ച്.എസ്.എസ് മുളന്തുരത്തി, എറണാകുളം |
| 39 | 26056 | എസ്.ഡി.ജി.വൈ.ബോയിസ് എച്ച്.എസ്.എസ്, പള്ളുരുത്തി, |
| 40 | 26070 | ഗവ.എച്ച്.എസ്.എസ് തൃപ്പൂണിത്തുറ, എറണാകുളം |
| 41 | 27006 | ഗവ.എച്ച്.എസ്.എസ്.പെരുമ്പാവൂർ, എറണാകുളം |
| 42 | 27023 | സെന്റ് ജോർജ് ഹയർസെക്കണ്ടറി സ്കൂൾ, കോതമംഗലം |
| 43 | 29025 | *ഗവ.എച്ച്.എസ്.എസ്, തൊടുപ്പുഴ |
| 44 | 30020 | സെന്റ് ജോർജ്സ് എച്ച്.എസ്.എസ്. കട്ടപ്പന |
| 45 | 31047 | ഗവ.വി.എച്ച്.എസ്.എസ്. ഏറ്റുമാനൂർ |
| 46 | 32051 | ഗവ.വി.എച്ച്.എസ്.എസ്. പൊൻകുന്നം |
| 47 | 33027 | *ഗവ. മോഡൽ എച്ച്.എസ്.എസ്, കോട്ടയം |
| 48 | 33067 | എം.ജി.എം.ഹൈസ്കൂൾ, പാമ്പാടി, കോട്ടയം |
| 49 | 34006 | ഗവ.എച്ച്.എസ്.എസ്, കലവൂർ, ചേർത്തല |
| 50 | 34023 | എസ്.എൻ.എം.ഗവ.ബോയിസ് ഹൈസ്കൂൾ, ചേർത്തല |
| 51 | 34028 | റ്റി.ഡി.എച്ച്.എസ്.എസ്, തുറവൂർ, തിരുമുൽഭാഗം, ചേർത്തല |
| 52 | 35013 | ടി.ഡി.ഹയർസെക്കണ്ടറി സ്കൂൾ, ആലപ്പുഴ |
| 53 | 35014 | *ഗവ.ഹൈസ്കൂൾ ഫോർഗേൾസ്, ആലപ്പുഴ |
| 54 | 35027 | ഗവ.ഹൈസ്കൂൾ ഫോർബോയിസ്, ഹരിപ്പാട്,ഹരിപ്പാട് പി.ഒ.പിൻ–690514 |
| 55 | 36025 | ഗവ.വി.എച്ച്.എസ്.എസ് ഫോർബോയിസ്, മാവേലിക്കര |
| 56 | 37046 | ഗവ.മോഡൽ ഹൈസ്കൂൾ, ഫോർഗേൾസ്, തിരുവല്ല |
| 57 | 38001 | ഗവ.ബോയിസ് എച്ച്.എസ്.എസ്, അടൂർ |
| 58 | 38060 | ഗവ.എച്ച്.എസ്.എസ്.&വി.എച്ച്.എസ്.എസ് പത്തനംതിട്ട, പത്തനംതിട്ട പി.ഒ |
| 59 | 38092 | എൻ.എസ്.എസ്. ഹൈസ്കൂൾ, ഫോർബോയിസ്, പന്തളം |
| 60 | 39004 | ഗവ.എച്ച്.എസ്.എസ്. ശാസ്താംകോട്ട |
| 61 | 39012 | ഗവ.വി.എച്ച്.എസ്.എസ് ബോയിസ് ഹൈസ്കൂൾ, കൊട്ടാരക്കര |
| 62 | 40015 | ഗവ.എച്ച്.എസ്.എസ്. പുനലൂർ |
| 63 | 40031 | ഗവ.വി.എച്ച്.എസ്.എസ്. കടയ്ക്കൽ |
| 64 | 41006 | ഗവ.എച്ച്.എസ്.എസ് ചാത്തന്നൂർ |
| 65 | 41031 | ഹയർസെക്കണ്ടറി സ്കൂൾ ഫോർ ബോയിസ്, കരുനാഗപ്പള്ളി |

| | | |
|---|---|---|
| 66 | 41041 | എം.ജി.ഡി.ഹൈസ്കുൾ ഫോർ ഗേൾസ്, കുണ്ടറ |
| 67 | 41056 | *ഗവ.മോഡൽ ബോയിസ് ഹയർസെക്കണ്ടറി സ്കുൾ, കൊല്ലം |
| 68 | 41057 | ഗവ.ഹൈസ്കുൾ, കൊല്ലം വെസ്റ്റ് |
| 69 | 41059 | ഗവ.ഹയർസെക്കണ്ടറി സ്കുൾ, അഞ്ചാലുംമൂട് |
| 70 | 42006 | ഗവ.ബോയിസ് ഹൈസ്കുൾ, ആറ്റിങ്ങൽ |
| 71 | 42008 | ഗവ.ഹൈസ്കുൾ ഫോർഗേൾസ് ആറ്റിങ്ങൽ |
| 72 | 42025 | ഗവ.ഹയർസെക്കണ്ടറി സ്കുൾ, കിളിമാനൂർ |
| 73 | 42042 | ഗവ.എച്ച്.എസ്.എസ്. ഫോർഗേൾസ്, നെടുമങ്ങാട് |
| 74 | 42058 | ഗവ.മോഡൽ ഹൈസ്കുൾ വർക്കല |
| 75 | 43005 | മുസ്ലീം ബോയിസ് ഹൈസ്കുൾ, കണിയാപുരം |
| 76 | 43014 | ഗവ.ഹൈസ്കുൾ ഫോർ ഗേൾസ്, കന്യാകുളങ്ങര |
| 77 | 43026 | ഗവ.ഹൈസ്കുൾ, ശ്രീകാര്യം |
| 78 | 43038 | ഗവ.വി.എച്ച്.എസ്.എസ്. വട്ടിയൂർക്കാവ് |
| 79 | 43040 | ഗവ. ഗേൾസ് ഹൈസ്കുൾ, പേരുർക്കട |
| 80 | 43072 | ഗവ.വി& എച്ച്.എസ്.എസ്. ഫോർ ഗേൾസ്, മണക്കാട് |
| 81 | 43076 | ഗവ.ഗേൾസ് എച്ച്.എസ്.എസ്. കരമന. |
| 82 | 43082 | ഗവ.സെൻട്രൽ ഹൈസ്കുൾ, തിരുവനന്തപുരം |
| 83 | 43083 | *എസ്.എം.വി. ഗവ.മോഡൽ എച്ച്.എസ്.എസ്, തിരുവനന്തപുരം |
| 84 | 43090 | ഗവ.ഹൈസ്കുൾ, ജഗതി |
| 85 | 44002 | ഗവ.വി.എച്ച്.എസ്.എസ്. പൂവാർ, നെയ്യാറ്റിൻകര |
| 86 | 44012 | ഗവ.ഹൈസ്കുൾ, കാഞ്ഞിരംകുളം, നെയ്യാറ്റിൻകര |
| 87 | 44019 | ഗവ.എച്ച്.എസ്.എസ്, കുളത്തുമൽ,കാട്ടക്കട |
| 88 | 44022 | ഗവ.വി.എച്ച്.എസ്.എസ്. മലയിൻകീഴ് |
| 89 | 44025 | സെന്റ് സേവ്യേഴ്സ് എച്ച്.എസ്.എസ്. പേയാട് |
| 90 | 44035 | ഗവ.ബോയിസ് എച്ച്.എസ്.എസ്, നെയ്യാറ്റിൻകര |
| 91 | 44041 | ഗവ.വി.എച്ച്.എസ്.എസ്. പാറശ്ശാല |
| 92 | 44046 | വി.പി.എസ്. എച്ച്.എസ്.എസ്. ഫോർബോയിസ്, വെങ്ങാനൂർ |
| 93 | 44059 | ഗവ.എച്ച്.എസ്.എസ്. ബാലരാമപുരം |
| 94 | 45008 | ഗവ. എച്ച്.എസ്.എസ്. ഫോർ ബോയിസ്, വൈക്കം |
| 95 | 45020 | ഗവ.എച്ച്.എസ്.എസ്. പെരുവ, കടുത്തുരുത്തി |
| 96 | 47031 | പേരാമ്പ്ര എച്ച്.എസ്.എസ്. താമരശ്ശേരി |
| 97 | 47107 | ഗവ.വി.എച്ച്.എസ്.എസ്. ഫോർ ബോയിസ്, ബാലുശ്ശേരി, താമരശ്ശേരി |
| 98 | 48035 | ഗവ.മാനവേദൻ വി.എച്ച്.എസ്.എസ്. നിലമ്പൂർ. |
| സ്റ്റാർ (*) ചിഹ്നം ഷോർട്ട്ഹാന്റ് പരീക്ഷ ഉൾപ്പെടുന്ന സെന്റർ | | |